കേൾക്കേണ്ട ശബ്ദം:

ജനതാദളിന്റെ നിയമസഭാസാമാജികർ ഒറ്റക്കെട്ടായി നിൽക്കുമോ, അതോ ബെല്ലാരിയിലെ ഖനിമുതലാളിമാരുടെ പണത്തിനുമുന്നിൽ മോഹാലസ്യപ്പെടുമോ എന്നതാണ് ചോദ്യം.

- **പരഞ്ചോയ് ഗുഹ ഠാക്കുർതാ**
(മാധ്യമ പ്രവർത്തകൻ)

മക്തബ്

1193 ഇടവം 2 1439 ശഅബാൻ 29

മാഫിയകൾ അപഹരിച്ച ബംഗാൾ

ദേശീയപ്രസ്ഥാനത്തിന്റെ, വിശിഷ്യ നേതാജിയുടെ ഐതിഹാസിക പോരാട്ടത്തിന്റെയും കമ്മ്യൂണിസ്റ്റ് പോരാട്ടങ്ങളുടെയും ഭൂമിയായ ബംഗാളിൽ നിന്ന് ഇപ്പോൾ വാർത്തകളുണ്ട്. (നക്സൽബാരി കലാപത്തെ മലയാള കവിതയിൽ ആദ്യം ആവാഹിച്ച കെ.ജി. ശങ്കരപ്പിള്ളയുടെ കവിത 'ബംഗാൾ' തുടങ്ങുന്നത് ബംഗാളിൽ നിന്ന് ഇപ്പോൾ വാർത്തകളൊന്നും തന്നെയില്ല' എന്നാണ്). പക്ഷെ, ആ വാർത്തകൾ ക്രൂരവും ചോരമണക്കുന്നതുമാണ്. മാഫിയകൾ അപഹരിച്ച നേതാജിയുടെ നാടിന് ഇനി എന്നാണ് മോചനം.

സ്വാതന്ത്ര്യാനന്തര പശ്ചിമബംഗാളിന്റെ രാഷ്ട്രീയ ചരിത്രമെന്നത് മാഫിയകളുടെ അഴിഞ്ഞാട്ടത്തിന്റേതാണ്. 1947 മുതൽ 77 വരെ പശ്ചിമബംഗാൾ കോൺഗ്രസ് ഭരണത്തിലായിരുന്നു. അക്കാലം ജനാധിപത്യ കശാപ്പിന്റേതായിരുന്നു. 1967ലെ നക്സൽബാരി കലാപത്തെ സമാനതകളില്ലാത്ത രീതിയിലാണ് അടിച്ചമർത്തിയത്. പോലീസ് സംവിധാനത്തെ മാത്രമല്ല അതിന് ഉപയോഗിച്ചത്. ഭരണകക്ഷിയായ കോൺഗ്രസിന്റെ ഗുണ്ടാസംഘങ്ങൾ പോലീസിനോടൊപ്പം ചേർന്ന് നൂറുകണക്കിന് കർഷകരെയും വിദ്യാർത്ഥികളെയും യുവാക്കളെയുമാണ് വെടിവച്ചും തല്ലിയും കൊലപ്പെടുത്തിയത്. അക്കാലം മുതലാണ് മാഫിയകൾ രാഷ്ട്രീയത്തെ നിയന്ത്രിക്കുന്ന അവസ്ഥ വന്നുചേർന്നത്. അടിയന്തരാവസ്ഥാകാലത്ത് (1975-'77) ഏറ്റവും ഭീകരമായ നരനായിട്ടാണ് സിദ്ധാർത്ഥ ശങ്കർറായിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ ഗുണ്ടകളുടെ സഹായത്തോടെ നടപ്പിലാക്കിയത്. തിരഞ്ഞെടുപ്പുകളിൽ ബൂത്തുകൾ പിടിച്ചെടുക്കുകയും എതിരാളികളെ അടിച്ചോടിക്കുകയും ചെയ്യുന്നത് അക്കാലത്ത് സർവ്വസാധാരണമായിരുന്നു. അതിക്രമം മൂർധന്യാവസ്ഥയിൽ എത്തിയതോടെയാണ് 1977ലെ തിരഞ്ഞെടുപ്പിൽ പശ്ചിമബംഗാളിലെ ജനങ്ങൾ തിരിഞ്ഞുനിന്നത്. ഫലം സി.പി.എം നേതൃത്വത്തിലുള്ള മുന്നണി അധികാരത്തിൽ വന്നു എന്നതാണ്.

എന്നാൽ ജനാധിപത്യ വിരുദ്ധതയുടെ സകല കെടുതികളും അനുഭവിച്ച് സി.പി.എം അധികാരത്തിൽ വന്നപ്പോഴും സ്ഥിതിഗതികൾക്ക് മാറ്റമുണ്ടായില്ല. കോൺഗ്രസിന്റെ കൂടെയുണ്ടായിരുന്ന മാഫിയ സംഘങ്ങൾ മുഴുവൻ സി.പി.എം പക്ഷത്തേക്ക് ചാഞ്ഞു. ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിൽ തങ്ങളുടെ സ്ഥാനാർത്ഥികളെ പത്രിക നൽകാൻ പോലും അനുവദിക്കുന്നില്ലെന്ന് വിലപിക്കുന്ന സി.പി.എം സർക്കാരിന്റെ നേതൃത്വത്തിൽ 2003ലെ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ നടന്നത് എന്താണെന്ന് ഓർത്തുനോക്കണം. പത്തിലേറെ ശതമാനം മണ്ഡലങ്ങളിലും അന്ന് സ്ഥാനാർത്ഥികളെ നിർത്താൻ അനുവദിച്ചിരുന്നില്ല. സി.പി.എം എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ബൂത്ത് കയ്യേറ്റങ്ങളും അടിച്ചോടിക്കലും കൊലകളും യഥേഷ്ടം അരങ്ങേറി.

ജനാധിപത്യകശാപ്പ് ആഘോഷിച്ച് നടന്ന് അധികാരത്തിന്റെ ലഹരിയിൽ അന്ധരായ സി.പി.എം ദരിദ്രരായ ജനങ്ങളെ മറക്കുകയും കൃഷിക്കാരുടെ ഭൂമി ബലംപ്രയോഗിച്ച് പിടിച്ചെടുക്കുകയും ജനങ്ങളെ വെടിവെച്ച് വീഴ്ത്തുകയും ചെയ്തു. നന്ദിഗ്രാമും സിംഗൂരും അതിന്റെ മായ്ച്ചുകളയാനാവാത്ത ഓർമ്മകളാണ്. സി.പി.എം മുന്നണിയുടെ തകർച്ച അവിടെ നിന്നാണ് ആരംഭിച്ചത്. മൂന്നര പതിറ്റാണ്ടുകാലത്തെ സി.പി.എം മുന്നണിയുടെ ഭരണം അവസാനിപ്പിച്ച് ജനങ്ങൾ തൃണമൂൽ കോൺഗ്രസിനെ അധികാരത്തിലേറ്റി.

ഇപ്പോൾ തൃണമൂൽ കോൺഗ്രസിന്റെ കാലമാണ്. കോൺഗ്രസ് സർക്കാരും പിന്നീട് ഇടത് സർക്കാരും നടപ്പിലാക്കിയ ജനാധിപത്യ കശാപ്പ് പതിൻമടങ്ങായി തൃണമൂൽ കോൺഗ്രസ് നടപ്പിലാക്കുകയാണ്. ജ്യോതിബസുവിന്റെ ഭരണകാലത്ത് പത്ത് ശതമാനത്തിലേറെ മണ്ഡലങ്ങളിലാണ് ഇടതുമുന്നണി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതെങ്കിൽ മമതയുടെ ഭരണത്തിൽ 20 ശതമാനത്തോളം മണ്ഡലങ്ങളിൽ തൃണമൂലിന് എതിരില്ല. രണ്ടും സമാനരീതിയിലാണ് നടപ്പിലാക്കിയത്. ഭീഷണിയും, ബൂത്ത് പിടിച്ചെടുക്കലും അടിച്ചോടിക്കലും കൊലകളും ഒക്കെ പരമ്പരാഗത തിരഞ്ഞെടുപ്പ് ഉത്സവങ്ങളായി മാറിക്കഴിഞ്ഞു.

ബഹുഭൂരിപക്ഷം സ്ഥലത്തും നാമനിർദേശ പത്രിക പോലും സമർപ്പിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിലൂടെ പത്രിക സമർപ്പിക്കാൻ അനുമതി തേടേണ്ടി വന്ന ഗതികേട് സി.പി.എമ്മിനെ പോലുള്ള ഒരു പാർട്ടിക്ക് ബംഗാളിൽ എങ്ങനെയുണ്ടായി എന്നാണ് പരിശോധിക്കേണ്ടത്.

പാർട്ടി കോൺഗ്രസിൽ അവതരിപ്പിച്ച കണക്ക് പ്രകാരം ലക്ഷക്കണക്കിന് പാർട്ടി അംഗങ്ങളുണ്ട് ബംഗാളിൽ. എന്നിട്ടും ഈ ഗതികേട് പേറേണ്ടി വന്നത് 'കൊടിസുനി'മാർ ഒക്കെയും തൃണമൂൽ പക്ഷത്താണ് എന്നതുകൊണ്ടാണ്. മാഫിയകൾ നിയന്ത്രിച്ചിരുന്ന സി.പി.എം ഓഫീസുകളിൽ ഏറെയും തൃണമൂൽ കോൺഗ്രസിന്റെ കൈവശമായി. മാഫിയകൾ ഓഫീസ് സഹിതമാണ് മറുകണ്ടം ചാടിയത്. അടിച്ചും ഒതുക്കിയുമുള്ള രാഷ്ട്രീയ പ്രവർത്തന ശൈലിയല്ലാതെ ജനാധിപത്യ ശൈലി സി.പി.എമ്മിന് അറിയുകയുമില്ല. കായികമായി തൃണമൂലിനെ നേരിടാൻ കഴിയില്ല. ജനാധിപത്യപരമായി പ്രതിരോധിക്കാനുള്ള കരുത്തും ആർജവവുമില്ല.

ഇപ്പോൾ തൃണമൂലിനെ കായികമായെങ്കിലും ചെറുത്തുനിൽക്കുന്നത് ബി.ജെ.പിയാണ്. അതുകൊണ്ട് സി.പി.എം അണികൾ ബി.ജെ.പി പക്ഷത്തേക്ക് ചായുകയുമാണ്. ഫലത്തിൽ ബംഗാളിൽ തൃണമൂലിന്റെ ബദൽ ശക്തിയായി വളർന്നുവരുന്നത് ബി.ജെ.പിയാണ്. അധികാരത്തിന്റെ മുഷ്ക്കിൽ ജനാധിപത്യത്തിന്റെ ഭാഷ നഷ്ടപ്പെടുന്ന സി.പി.എം ബംഗാളിൽ നിന്ന് പാഠം പഠിക്കുന്നില്ലെങ്കിൽ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ നിന്ന് നിലവിളിക്കേണ്ടിവരും.

ഏകദിന പഠനയാത്ര സംഘടിപ്പിച്ചു

തളിപ്പറമ്പ: ബോയ്സ് ടീം ചേടിച്ചേരിയുടെ നേതൃത്വത്തിൽ യാത്രയിലൂടെ വിനോദം, വിനോദത്തിലൂടെ വിജ്ഞാനം എന്ന പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കായി ഏകദിന പഠനയാത്ര സംഘടിപ്പിച്ചു. പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക്, കരിമ്പം ഫാം, ജൈവവൈവിദ്ധ്യ കേന്ദ്രം, ബാർബർ ബംഗ്ലാവ്, പരിയാരം മെഡിക്കൽ കോളേജ് ആർട്ട് ഗാലറി, മ്യൂസിയം, ലിംക ബുക്ക് ഓഫ് റക്കോഡ്സിൽ ഇടം നേടിയ ഇന്ത്യയിലെ ഏറ്റവും വലിയ ഹൃദയ ശിൽപം എന്നിവയും തളിപ്പറമ്പ് പൊലിസ് സ്റ്റേഷനും സന്ദർശിച്ചു. പരിയാരം മെഡിക്കൽ കോളേജിലെ ആർട്ട് ഗാലറിയിലെത്തുന്ന ആദ്യത്തെ സംഘമാണ് ബോയ്സ് ടീം ചേടിച്ചേരിയുടെത്. കേരള ലളിതകലാ അക്കാദമിയുടെ സർഗ്ഗസൃഷ്ടി ശേഖരത്തിൽ നിന്ന് ഇരുപത് കോടി രൂപ വിലമതിക്കുന്ന 60 പെയിന്റിംഗുകളാണ് പ്രദർശനത്തിനായി ഇവിടെ ഒരുക്കിയിട്ടുള്ളത്. കേരള ലളിതകല അക്കാദമി അംഗവും മെഡിക്കൽകോളേജ് ആട്ടിസ്റ്റുമായ രവീന്ദ്രൻ കുട്ടികൾക്ക് ചിത്രങ്ങളെ കുറിച്ചും, ചിത്രരചനാ രീതികളെ കുറിച്ചും ക്ലാസെടുത്തു

ഭാരവാഹികളായ വിമൽ ചേടിച്ചേരി, ടി. ശ്രീനാഥ്, എം.വി മിഥുൻ, പ്രമോദ് ചേടിച്ചേരി, തേജസ് എന്നിവർ പഠനയാത്രക്ക് നേതൃത്വം നൽകി.

എൻ.എസ്.എസ് സമ്മർ ക്യാമ്പ് സംഘടിപ്പിച്ചു

പരിയാരം: കെ.കെ.എൻ. പരിയാരം ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ നാഷണൽ സർവ്വീസ് സ്കീം യൂനിറ്റ് ദ്വിദിന സമ്മർ ക്യാമ്പ് ആരംഭിച്ചു. പ്രിൻസിപ്പാൾ പി. സത്യന്റെ അധ്യക്ഷതയിൽ വാർഡ് മെമ്പർ പി. സജീവൻ ഉദ്ഘാടനം ചെയ്തു.

ഊർജസംരക്ഷണത്തിന്റെ ഭാഗമായി എൽ.ഇ.ഡി ബൾബ് നിർമ്മാണം, റിപ്പയറിംഗ്, ബൾബ് വിതരണം, ഹോപ്പ് ചാരിറ്റബിൾ ട്രസ്റ്റും, കുടുംബശ്രീ ഇവയുമായി ചേർന്ന് ഹരിത സാന്ത്വനം-10,000 വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം ശുചീകരണ യത്നം തുടങ്ങിയവയാണ് സമ്മർ ക്യാമ്പിൽ നടത്തിയത്. ഗംഗാധരൻ മാസ്റ്റർ, പി. ശ്യാംജിത്ത്, കുര്യൻ മാത്യു, പി.പി. സജു പ്രസംഗിച്ചു. പ്രോഗ്രാം ഓഫീസർ എ.എസ്. ഷെമി സ്വാഗതവും ജോമൽ ജോസ് നന്ദിയും പറഞ്ഞു.

കനി മധുരം തൈകൾ വിതരണം 25 മുതൽ

പയ്യന്നൂർ: പയ്യന്നൂർ മണ്ഡലത്തിൽ സി. കൃഷ്ണൻ എം.എൽ.എയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന കനി മധുരം പദ്ധതിയുടെ ഭാഗമായി കണ്ടോത്ത് നേഴ്സറിയിൽ ഉൽപ്പാദിപ്പിച്ച തൈകൾ 25 മുതൽ വിതരണം ചെയ്യും. മണ്ഡല പരിധിയിലെ ക്ലബുകൾ, വായനശാലകൾ, സന്നദ്ധ സംഘടനകൾ, പൊതുസ്ഥാപനങ്ങൾ എന്നിവക്ക് വിതരണം ചെയ്യും. ആരാധനാലയങ്ങളിലും പൊതുയിടങ്ങളിലും നട്ടു സംരക്ഷിക്കുന്നതിനും തൈകൾ നൽകും. അപേക്ഷകൾ 20നകം എം.എൽ.എയുടെ ഓഫീസിൽ ലഭിക്കണം. ഫോൺ: 9446926080, 04985208070.

കര നെൽകൃഷി കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നു

ചപ്പാരപ്പടവ്: ചപ്പാരപ്പടവ് കൃഷി ഭവൻ പരിധിയിലെ കര നെൽകൃഷി കർഷകർക്ക് കൃഷി വകുപ്പ് ആനുകൂല്യങ്ങൾ നൽകുന്നു. നികുതി രസീത് കോപ്പി, ദേശസാൽകൃത ബാങ്ക് അക്കൗണ്ട് കോപ്പി എന്നിവ സഹിതം കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.



എരുവാട്ടി സി.എച്ച്. സൗധം കെ.എം. ഷാജി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

എരുവാട്ടി സി.എച്ച് സൗധം ഉദ്ഘാടനം ചെയ്തു

ആലക്കോട്: എരുവാട്ടി ശാഖാ മുസ്ലിംലീഗ് ആസ്ഥാന മന്ദിരമായ സി.എച്ച്. സൗധം കെ.എം. ഷാജി എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഒ.പി. നജ്മുദീൻ അധ്യക്ഷത വഹിച്ചു. സപ്ലിമെന്റ് പ്രകാശനം ഒ.പി. സൈഫുദീന് നൽകി കെ.എം. ഷാജി എം.എൽ.എ നിർവഹിച്ചു. ഒ.പി.ഇബ്രാഹിംകുട്ടി മാസ്റ്റർ, അലി മംഗര, അസീസ് എരുവാട്ടി പ്രസംഗിച്ചു. പി.കെ. ഉനൈസ് സ്വാഗതവും വി.പി. മുസ്തഫ നന്ദിയും പറഞ്ഞു.

കുടുംബശ്രീ സംസ്ഥാന കലോത്സവം
പ്രസംഗത്തിൽ ഒന്നാംസ്ഥാനം എം.എം. അനിതക്ക്



ധർമ്മശാല: മലപ്പുറം എടപ്പാളിൽ നടന്ന അരങ്ങ് 2018 കുടുംബശ്രീ സംസ്ഥാന കലോത്സവത്തിൽ പ്രസംഗ മൽസരത്തിൽ കടമ്പേരിയിലെ എം.എം. അനിതക്ക് ഒന്നാംസ്ഥാനം. ആന്തൂർ നഗരസഭയുടെ ആദ്യ സി.ഡി.എസ് ചെയർപേഴ്സണായ അനിത മലയാള കലാകാരൻമാരുടെ ദേശീയ സംഘടനയായ നന്മയുടെ സർഗവനിത കല്യാശേരി മേഖല പ്രസിഡണ്ട് കൂടിയാണ്. ജില്ലാതലത്തിലും പ്രസംഗ മൽസരത്തിൽ അനിതയ്ക്കായിരുന്നു ഒന്നാംസ്ഥാനം. പുരോഗമന കലാസാഹിത്യ സംഘം ജില്ലാ ജോയിന്റ് സെക്രട്ടറിയായ അനിത വനിതാസാഹിതി ജില്ലാ പ്രസിഡണ്ടായും പ്രവർത്തിക്കുന്നു.

റംസാൻ കിറ്റും വസ്ത്രങ്ങളും വിതരണം ചെയ്തു

തളിപ്പറമ്പ: ചെനയന്നൂർ പ്രവാസി കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ മാവിച്ചേരി, ചെനയന്നൂർ മഹല്ലുകളിൽ റംസാൻ കിറ്റ് വിതരണം നടത്തി. പതിനഞ്ചോളം നിർധനരായ കുടുംബങ്ങൾക്കുള്ള അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റാണ് നൽകിയത്. ചെനയന്നൂർ നൂർ ജുമാമസ്ജിദിൽ ജോലി ചയ്യുന്ന ഉസ്താദുമാർക്കുള്ള പെരുന്നാൾ വസ്ത്രങ്ങളും വിതരണം ചെയ്തു. ദുബൈ കോർഡിനേറ്റർ കെ.പി. മുസ്തഫ മൗലവി, സലാം ഹാജി ഒമാൻ നേതൃത്വം നൽകി.



വെള്ളാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ സംഘടിപ്പിച്ച വായാട്ടുപറമ്പ് ഫൊറോന തല എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്തവർ.

കൈരളി ക്ലബ് വാർഷികവും ഇ.കെ.നായനാർ അനുസ്മരണവും

വിളക്കണ്ണൂർ: മാവിലംപാറ കൈരളി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് 15-ാമത് വാർഷികവും ഇ.കെ.നായനാർ അനുസ്മരണവും 20ന് വൈകുന്നേരം അഞ്ച് മണിക്ക് നടക്കും. സാംസ്കാരിക സമ്മേളനം എം.ജനാർദ്ദനന്റെ അധ്യക്ഷതയിൽ സി.പി.എം ജില്ലാ സെക്രട്ടേറിയറ്റ് അംഗം പി.വി. ഗോപിനാഥ് ഉദ്ഘാടനം ചെയ്യും. മാധവൻ പുറച്ചേരി പ്രഭാഷണം നടത്തും. എം.വേലായുധൻ, പി. പ്രകാശൻ, പി.പി.പ്രകാശൻ, വി.ധനിഷ, സി.കെ. പ്രകാശൻ, സി.കുഞ്ഞിക്കണ്ണൻ പ്രസംഗിക്കും. സി.ആർ.ദിവിൻ സ്വാഗതവും പി.ജെ.ജോയി നന്ദിയും പറയും. തുടർന്ന് വിവിധ കലാപരിപാടികൾ, താവം ഗ്രാമവേദി അവതരിപ്പിക്കുന്ന നാട്ടറിവ് പാട്ടുകൾ നടക്കും.

പ്ലസ് ടു ഫലം: മലയോര മേഖലയിൽ നൂറുമേനി കൊയ്തു ചപ്പാരപ്പടവ് ഹയർ സെക്കണ്ടറി സ്കൂൾ

തളിപ്പറമ്പ്: പ്ലസ്ടു പരീക്ഷയിൽ നൂറു മേനി വിജയം കൊയ്തു ചപ്പാരപ്പടവ് ഹയർ സെക്കണ്ടറി സ്കൂൾ മലയോര മേഖലക്ക് അഭിമാനമായി. 139 വിദ്യാർഥികൾ പരീക്ഷ എഴുതിയതിൽ 11 പേർക്ക് മുഴുവൻ വിഷയത്തിലും എ പ്ലസ് നേടാനായി. മലയോര മേഖലയിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ ആദ്യമായാണ് 100 ശതമാനം വിജയം കടന്നുവരുന്നത്. 1960ൽ ഹൈസ്ക്കൂൾ ആയി ആരംഭിച്ച് 2010 ൽ ഹയർസെക്കണ്ടറി ആയി ഉയർത്തപ്പെട്ട ചപ്പാരപ്പടവ് ഹയർ സെക്കണ്ടറി സ്കൂളിൽ കഴിഞ്ഞ വർഷം കൊമേഴ്സ് പരീക്ഷ എഴുതിയ മുഴുവൻ പേരും വിജയിച്ചിരുന്നു. നൂറു മേനി കൊയ്ത വിദ്യാർത്ഥികളെയും അധ്യാപകരെയും മാനേജ്മെന്റും പിടിഎയും അഭിനന്ദിച്ചു.

വിദൂര വിദ്യാഭ്യാസം; ആശങ്ക പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാർ ഇടപെടണം

കണ്ണൂർ: യു.ജി.സി പുറപ്പെടുവിച്ച പുതിയ നിബന്ധന പ്രകാരം വിദൂര വിദ്യാഭ്യാസം നടത്തുവാനുള്ള സർവ്വകലാശാലകളുടെ യോഗ്യത ചോദ്യം ചെയ്യുന്ന നടപടിക്കെതിരെ കേന്ദ്ര-സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് പാരലൽ കോളേജ് അസോസിയേഷൻ കണ്ണൂർ സർവകലാശാല മേഖലാ തല കൺവെൻഷൻ ആവശ്യപ്പെട്ടു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.സുമേഷ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ കണ്ണൂർ സർവകലാശാല മേഖലാ കമ്മിറ്റി ചെയർമാൻ കെ.എൻ.രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ-സ്ഥിരം സമിതി ചെയർമാൻ കെ.പി.ജയബാലൻ, സംസ്ഥാന പ്രസിഡണ്ട് രാജൻ തോമസ്, യു.നാരായണൻ, രാജേഷ് പാലങ്ങാട്ട്, ടി.വി.രവീന്ദ്രൻ, ഷാജൻ ജോസ്, സി.അനിൽകുമാർ, ടി.വി.വിജയൻ പ്രസംഗിച്ചു.

എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ അൽഗാന റോസ് മാത്യു, എയ്ഞ്ചൽ ജോൺ, അനിറ്റ് ബെന്നി, അതുല്യ ജോസഫ് (എല്ലാവരും കാർത്തികപുരം ഹയർ സെക്കന്ററി സ്കൂൾ)

കണ്ണൂർ- പഴയങ്ങാടി-പയ്യന്നൂർ റൂട്ടിൽ സ്വകാര്യ ബസ് സർവ്വീസ് നിർത്തുമെന്ന്

കണ്ണൂർ: കണ്ണൂർ- പഴയങ്ങാടി- പയ്യന്നൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് തുടങ്ങിയത് സ്വകാര്യ ബസുടമകൾക്കും ജീവനക്കാർക്കും കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുണ്ടെന്ന് ജില്ലാ ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ കോർഡിനേഷൻ കമ്മിറ്റി യോഗം അഭിപ്രായപ്പെട്ടു. താവം ഗേറ്റ് മണിക്കൂറോളം അടച്ചിടുന്നതിനാൽ കിലോമീറ്ററുകളോളം നീളുന്ന ബ്ലോക്ക് കടന്നാണ് ബസുകൾ ഇതുവഴി കടന്നുപോകുന്നത്. ഈ രണ്ട് പ്രശ്നങ്ങൾക്കും പരിഹാരം കണ്ടില്ലെങ്കിൽ ജൂൺ നാല് മുതൽ ഈ റൂട്ടിൽ സ്വകാര്യ ബസ് സർവ്വീസ് നിർത്തിവെക്കാനും യോഗം തീരുമാനിച്ചു.

ചെയർമാൻ എ.വി. വൽസലൻ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ രാജ്കുമാർ കരുവാരത്ത്, പി.പി. മോഹനൻ, എ. ശ്രീധരൻ, രാജീവൻ, കെ. സുനിൽകുമാർ സംസാരിച്ചു.

വീടിന്റെ ഫണ്ട് നൽകുന്നില്ലെന്ന്; ആദിവാസികൾ ദുരിതത്തിൽ

ആലക്കോട്: കണ്ണൂർ പട്ടികവർഗ വകുപ്പിൽ നിന്ന് ആദിവാസികൾക്ക് വീട് നിർമ്മാണത്തിനായി അനുവദിച്ച ഫണ്ട് നൽകുന്നില്ലെന്ന് പരാതി. മലയോര മേഖലയിലെ നിരവധി ആദിവാസി കുടുംബങ്ങളാണ് ഫണ്ട് ലഭിക്കാതെ ദുരിതം പേറുന്നത്. 2018 മാർച്ച് 31നുള്ളിൽ വീടുകളുടെ പണി പൂർത്തീകരിക്കണമെന്ന് അധികൃതർ ആവശ്യപ്പെട്ടതിനെ തുടർന്ന് വായ്പ വാങ്ങിയും മറ്റുമായി വീട് പണി പൂർത്തീകരിക്കാൻ ശ്രമിച്ച ആദിവാസികളാണ് അധികൃതരുടെ അനാസ്ഥയെ തുടർന്ന് വലയുന്നത്. പലവിധ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് അധികൃതർ തങ്ങളെ കബളിപ്പിക്കുകയാണെന്നാണ് ആദിവാസികളുടെ പരാതി. വീട് നിർമ്മാണത്തിനായി അനുവദിച്ച ഫണ്ട് എത്രയും വേഗത്തിൽ നൽകണമെന്ന് ആവശ്യമുയർന്നു.

2018 മെയ് 15
ആലക്കോട്
SBI ഓഫീസ്
മാർച്ച്
KSKTU

കെ.എസ്.കെ.ടി.യു വനിതാ സബ് കമ്മിറ്റി ആലക്കോട് സ്റ്റേറ്റ് ബാങ്കിലേക്ക് നടത്തിയ മാർച്ച് എം. രാഘവൻ ഉദ്ഘാടനം ചെയ്യുന്നു.

വനിതകൾ സ്റ്റേറ്റ് ബാങ്കിലേക്ക് മാർച്ച് നടത്തി

ആലക്കോട്: പെട്രോൾ- ഡീസൽ വില വർദ്ധനവ് തടയുക, സ്ത്രീകൾക്കും കുട്ടികൾക്കും ദളിതർക്കുമെതിരെ വർദ്ധിച്ചുവരുന്ന അക്രമങ്ങൾ തടയുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കെ.എസ്.കെ.ടി.യു വനിതാ സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആലക്കോട് സ്റ്റേറ്റ് ബാങ്കിലേക്ക് മാർച്ച് നടത്തി. വി.വി. റീത്ത അധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റി അംഗം എം. രാഘവൻ ഉദ്ഘാടനം ചെയ്തു. കെ.എസ്. അമ്മുക്കുട്ടി, കെ.എസ്. ചന്ദ്രശേഖരൻ, പി.എം. മോഹനൻ പ്രസംഗിച്ചു. സതിബാബു സ്വാഗതം പറഞ്ഞു. ബാങ്കിന് മുന്നിൽ പോലീസ് മാർച്ച് തടഞ്ഞു.

മലർവാടി ബാലോത്സവം

തിരുവട്ടൂർ: മലർവാടി തിരുവട്ടൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അന്യംനിന്നുപോയ നാടൻ കളികളും കലാപരിപാടികളും ഉൾപ്പെടുത്തി നടത്തിയ ബാലോത്സവം ശ്രദ്ധേയമായി. യൂണിറ്റ് പ്രസിഡണ്ട് തമീം ഹംസ അധ്യക്ഷത വഹിച്ചു. സമ്മാനദാനം വാർഡ് മെമ്പർ പ്രമീള, ഡോ. ജസ്ന ജലീൽ നിർവഹിച്ചു. സാക്കിറ ടീച്ചർ, സാലിഹ് പനങ്ങാട്ടൂർ, ഹസൻ മാസ്റ്റർ, ശമീമ ഹംസ, സാഹിദ കരീം, കെ.കെ. ഖാലിദ്, അബ്ദുൽകരീം തോട്ടിക്കൽ, ഉമൈറ ഹസൻ സംസാരിച്ചു. സെക്രട്ടറി ഹംദ ഹസൻ നന്ദിയും പറഞ്ഞു.

എയ്ഞ്ചൽസ് മീറ്റ് സംഘടിപ്പിച്ചു

ആലക്കോട്: വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഫൊറോനയിൽ നിന്ന് ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച 150 കുട്ടികളുടെ സംഗമം- എയ്ഞ്ചൽസ് മീറ്റ്- വെള്ളാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ നടന്നു. ഫാ. ജോസഫ് പതിയോട്ടിൽ ഉദ്ഘാടനം ചെയ്തു. റോയി പള്ളത്ത് അധ്യക്ഷത വഹിച്ചു. ഫാ. തോമസ് മേപ്പാട്ടുപടിക്കൽ സർട്ടിഫിക്കറ്റ് വിതരണം നടത്തി. സിസ്റ്റർ ജിസ്ന, ബ്രിജിറ്റ് കുറ്റിയാനിമറ്റത്തിൽ പ്രസംഗിച്ചു. ഫാ. ജിയോ പുളിക്കൽ സന്ദേശം നൽകി. ഫാ. ജോൺ പോൾ പൂവത്താനിക്കൽ സ്വാഗതവും ജോയി ശാസ്താംപടവിൽ നന്ദിയും പറഞ്ഞു.

കെ.വി. വിനോദ് അനുസ്മരണം

പട്ടുവം: വിനോദ യാത്രക്കിടെ മൈസൂർ വൃന്ദാവൻ ഗാർഡനിലുണ്ടായ അപകടത്തിൽ കെ.വി. വിനോദ് മരണപ്പെട്ട സംഭവത്തിൽ പട്ടുവം ഗവ. ഹയർസെക്കണ്ടറി സ്കൂൾ 1989-90 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'കാറ്റാടിത്തണലിൽ' അനുശോചിച്ചു. സംഘടനയുടെ അമരക്കാരൻ കൂടിയാണ് വിനോദ്. ചെയർമാൻ എം. ശ്രീധരൻ അധ്യക്ഷത വഹിച്ചു. പി.കെ. പ്രസാദ് അനുശോചന പ്രമേയം അവതരിപ്പിച്ചു. പി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, ദിവാകരൻ മാസ്റ്റർ കൊയ്യം സംസാരിച്ചു. കൺവീനർ ഇ. സുധാകരൻ സ്വാഗതം പറഞ്ഞു.

ഉന്നത വിജയികളെ അനുമോദിച്ചു

കരുവഞ്ചാൽ: എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ആർ.സി. ശിൽപ്പ, നസ്റിൻ ഷാനവാസ് എന്നിവരെ കരുവഞ്ചാൽ പബ്ലിക് ലൈബ്രറി ആഭിമുഖ്യത്തിൽ അനുമോദിച്ചു. മാത്യു ചാണാക്കാട്ടിൽ ഉപഹാര സമർപ്പണം നിർവഹിച്ചു. കെ.എം. തോമസ് അധ്യക്ഷത വഹിച്ചു. കെ.വി. രത്നാകരൻ സ്വാഗതവും കെ.സി. ജോർജ് നന്ദിയും പറഞ്ഞു.

നേത്ര പരിശോധന ക്യാമ്പ് നടത്തി

എളമ്പേരം: ഗ്രാമിക സ്വയം സഹായ സംഘത്തിന്റെയും തലശ്ശേരി കോംട്രസ്റ്റ് കണ്ണാശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ നേത്ര പരിശോധന തിമിര ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. തളിപ്പറമ്പ് സർക്കിൾ ഇൻസ്പെക്ടർ കെ.ജെ വിനോയ് ഉദ്ഘാടനം ചെയ്തു. ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി.വി മൈമൂനത്ത് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എം. ലക്ഷ്മണൻ, ഗ്രാമ പഞ്ചായത്ത് മെമ്പർ സി. ഷൈജു എന്നിവർ സംസാരിച്ചു. കെ.വി വത്സൻ സ്വാഗതവും കെ.കെ രമേശൻ നന്ദിയും പറഞ്ഞു.

വിവാഹിതരായി

ജോനിഷ-സോജിൻ

ആലക്കോട്: വെള്ളാട് തേർമലയിലെ കൊച്ചുപുത്തൻവീട്ടിൽ ജോസ് - ആൻസി ദമ്പതികളുടെ മകൾ ജോനിഷയും പെരുമ്പടവ് കാര്യപ്പള്ളിയിലെ പുതുപ്പള്ളിൽ ജോസഫ്- അന്നമ്മ ദമ്പതികളുടെ മകൻ സോജിനും വിവാഹിതരായി.

അധ്യാപക ഒഴിവ്

ആലക്കോട്: മണക്കടവ് ശ്രീപുരം ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗം ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ്, കണക്ക്, ഹിന്ദി, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിലെ അധ്യാപക ഒഴിവുകളിലേയ്ക്കുള്ള ഇന്റർവ്യൂ 17ന് രാവിലെ പത്ത് മണിക്ക് നടക്കും. എൽ.പി വിഭാഗം ഒഴിവ് 1, യു.പി വിഭാഗം ഒഴിവ് മൂന്ന്. ഇന്റർവ്യൂ 18ന് രാവിലെ പത്ത് മുതൽ സ്കൂളിൽ നടക്കും. ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾ ബയോഡാറ്റയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം കൃത്യസമയത്ത് തന്നെ ഹാജരാകണമെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചു.